## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം . 20.03.2015 -ൽ മറുപടിക്ക്
നമ്പർ : 2794

**നേമം നിയോജകമണ്ഡലത്തിലെ മണക്കാട് വില്ലേജിലെ പട്ടയം നൽകൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ മണക്കാട് വില്ലേജിലെ വരവിള, ചൂരൽതോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിലെ 123 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള പുരോഗതി എന്താണെന്നും, പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് പട്ടയം നൽകുമെന്നും വ്യക്തമാക്കുമോ ? | (എ) മണക്കാട് വില്ലേജിലെ വരവിള, ചൂരൽതോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിൽ ഉൾപ്പെട്ട കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സ്കെച്ചുകൾ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ കൈവശ വസ്തുവിന്റെയും മഹസ്സർ തയ്യാറാക്കുന്ന ജോലി മണക്കാട് വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. ആയതു പൂർത്തിയാക്കി പതിവു റിക്കാർഡുകൾ തയ്യാറാക്കി പതിവു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**